## ഒരു പുതിയ കളി

# ഞാൻ ആരാണ്?

**കു**ട്ടികളുടെ ജന്തുക്കളെക്കുറിച്ചുള്ള അറിവ്, അപഗ്രഥനശേഷി മുതലായ കഴിവുകൾ വികസിപ്പിക്കുവാനുതകുന്ന ഒരു കളിയാണിത്.

കുട്ടികൾ വട്ടത്തിലിരിക്കട്ടെ. രണ്ടു കുട്ടികളെ തെരഞ്ഞെടുക്കുക. ഇവരുടെ പുറത്ത് ഏതെങ്കിലും ഓരോ ജന്തുവിന്റെ പേരെഴുതിയ കടലാസുകഷണങ്ങൾ 'പിൻ' ചെയ്യുക. വൃത്തിയായി, എല്ലാവർക്കും വായിക്കാനാവുന്ന വിധമായിരിക്കണം ഇതെഴുന്നത്. വൃത്തത്തിലുള്ള എല്ലാവരും ഇവ വായിക്കുവാൻ സൗകര്യപ്പെടുത്തണം. വായന മനസിൽ മാത്രമായിരിക്കണം.

ആരും ശബ്ദിച്ചുപോകരുത്. വൃത്തത്തിനു നടുവിലുള്ള കുട്ടികളും പരസ്പരം ലേബലുകൾ വായിക്കണം. പക്ഷെ പറയരുത്. അതായത് കുട്ടി തന്റെ പുറത്തുള്ള പേര് എന്തെന്ന് മനസിലാക്കാൻ ഇടവരുത്തരുത് എന്ന് സാരം.

ഇനി ഒരുകുട്ടി അപരനോട് തന്നെപ്പറ്റി ചോദ്യങ്ങൾ ചോദിക്കണം. അപരന് ഉവ്വ്/ അതെ അല്ലെങ്കിൽ ഇല്ല/ അല്ല (ഫലെ ട്രൈ ചീ) എന്ന് ഉത്തരം പറയാവുന്ന ചോദ്യങ്ങളായിരിക്കണം ചോദിക്കേണ്ടത്. അപരൻ മറ്റുത്തരങ്ങൾ വരാവുന്ന ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരംപറയാൻ പാടില്ല.

അങ്ങനെ ചോദ്യങ്ങൾ ചോദിക്കുക വഴി അയാൾ താനാരാണ് എന്ന് മനസിലാക്കി സ്വയം കണ്ടുപിടിക്കണം. 10 ചോദ്യങ്ങൾക്കൊണ്ട് ഉത്തരം കണ്ടെത്താനാകുന്നില്ലെങ്കിൽ അയാൾ തോറ്റതായി പ്രഖ്യാപിക്കണം.

ഉദാഹരണം:

''ഞാൻ ജലത്തിലാണോ ജീവിക്കുന്നത്?''
''അല്ല''
''ഞാൻ സസ്തനിയാണോ?''
''ഞാൻ മാംസഭോജിയോ സസ്യഭോജിയോ?''
(ഉത്തരമില്ല.)
''ഞാൻ മാംസഭോജിയാണോ?''
''അല്ല.''
''ഞാൻ വീട്ടുമൃഗമാണോ?''
''അല്ല.''
''എനിക്ക് കൊമ്പുണ്ടോ?''
''ഇല്ല.''
''ഞാൻ ചാടിച്ചാടിയാണോ സഞ്ചരിക്കുന്നത്?''
''അതെ.''
''ഞാൻ കാട്ടുമുയലാണോ?''
''അതെ!''

ഇനി മറ്റേയാൾ ചോദ്യം ചോദിക്കുകയും ഇയാൾ ഉത്തരം പറയുകയും ചെയ്യണം.

മുമ്പ് പരിചയമില്ലാത്തവർ ഒന്നിച്ചുകൂടുന്ന സന്ദർഭങ്ങളിൽ ഈ കളി മറ്റൊരു രീതിയിൽ ചെയ്യുക. ഇതുവരെ തമ്മിൽ അധികം സംസാരിച്ചിട്ടില്ലാത്തവർ പരസ്പരം ചോദ്യങ്ങൾ ചോദിച്ച് തങ്ങൾ ആരാണെന്ന് കണ്ടുപിടിക്കട്ടെ. ലജ്ജമാറി പരസ്പരം നല്ല രീതിയിൽ ഇടപഴകുവാൻ ഇതു സഹായിക്കും.

–ജെ.

(കടപ്പാട്: സൂചിമുഖി)